**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംഘടനാ സംവിധാനം- കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് - ചട്ടത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(പി) നം.94/2017/തസ്വഭവ.** **തിരുവനന്തപുരം, തീയതി 01.12.2017**

---

പരാമർശം:- (1) 127/11/2014 ലെ സ.ഉ. (പി) നം. 214/2014/തസ്വഭവ ഉത്തരവ്
(2) 4/01/2015 ലെ സ.ഉ. (പി) നം. 11/2015/തസ്വഭവ ഉത്തരവ്
(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.11.2017 ലെ 7375/എം/2008/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ സിഡിഎസ് ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് സൂചന(1) പ്രകാരവും പ്രസ്തുത ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് സൂചന (2) പ്രകാരവും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടത്തിൽ 13.2, 13.6, 18.11, 19.5 എന്നീ അനുച്ഛേദങ്ങൾ കാലികമാക്കിക്കൊണ്ടും അനുച്ഛേദം 18.18 അപ്രസക്തമാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് ചട്ടത്തിൽ താഴെപറയുന്ന ഭേദഗതികൾ വരുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| അനുച്ഛേദം | നിലവിലുള്ളത് | ഭേദഗതി /പുതിയത് |
|---|---|---|
| 13.2 | സി.ഡി.എസ്. ബൈലോ പ്രകാരം 2015 ജനുവരി 26-ാം തീയതി പുതിയ ഭരണ സമിതികൾ മൂന്നു തലങ്ങളിലും ഭരണ ചുമതല ഏൽക്കേണ്ടതുള്ളതിനാൽ അതിനു മുമ്പായി ത്രിതല സംഘടനാ സംവിധാനങ്ങളുടെയും തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. | സി.ഡി.എസ്. ബൈലോ പ്രകാരം തെരഞ്ഞെടുപ്പ് വർഷം ജനുവരി 26-ാം തീയതി പുതിയ ഭരണ സമിതികൾ മൂന്നു തലങ്ങളിലും ഭരണ ചുമതല ഏൽക്കേണ്ടതുള്ളതിനാൽ അതിനു മുമ്പായി ത്രിതല സംഘടനാ സംവിധാനങ്ങളുടെയും തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. |
| 13.6 | 2015 ജനുവരി 26-നുള്ളിൽ സി.ഡി.എസ്സിന്റെ തെരഞ്ഞെടുപ്പ് പൊതു യോഗ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ഓരോ ഘട്ടത്തിന്റെയും തെരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്ത ഘട്ടത്തിന്റെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് മൂന്ന് (3) ദിവസത്തെ ഇടവേളയെങ്കിലും ലഭ്യമാകുന്ന തരത്തിലാകണം തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. | തെരഞ്ഞെടുപ്പ് വർഷം ജനുവരി 25-നുള്ളിൽ സി.ഡി.എസ്സിന്റെ തെരഞ്ഞെടുപ്പ് പൊതു യോഗനടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ഓരോ ഘട്ടത്തിന്റെയും തെരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്ത ഘട്ടത്തിന്റെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് മൂന്ന് (3) ദിവസത്തെ ഇടവേളയെങ്കിലും ലഭ്യമാകുന്ന തരത്തിലാകണം തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. |

| | | |
|---|---|---|
| 18.11 | അയൽക്കൂട്ടത്തിലെ അപ്ഡേറ്റ് ചെയ്ത അംഗത്വ രജിസ്റ്റർ പ്രകാരം ബി.പി.എൽ അംഗങ്ങളെ പ്രത്യേകം തിരിച്ചറിയത്തക്കവിധം തെരഞ്ഞെടുപ്പ് നടപടി രേഖപൂർത്തീകരിക്കേണ്ടതും, ബി.പി.എൽ. അംഗങ്ങൾക്ക് നീക്കിവച്ച സ്ഥാനങ്ങളിൽ അവർ തന്നെ തെരഞ്ഞെടുക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേതുമാണ്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റിൽ അവർ ഓരോരുത്തരേയും, ബി.പി.എൽ/എ.പി.എൽ, എസ്.സി/എസ്.ടി. എന്നിവ തിരിച്ചറിയത്തക്കവിധം രേഖപ്പെടുത്തിയിരിക്കണം. ഇതിനായി സർക്കാർ അംഗീകരിച്ച ബി.പി.എൽ ലിസ്റ്റും പന്ത്രാം പ ഞ്ചവത്സര പദ്ധതിയിലെ നിർദ്ദേശങ്ങളും സ്വീകരിക്കേതാണ്. | അയൽക്കൂട്ടത്തിലെ അപ്ഡേറ്റ് ചെയ്ത അംഗത്വ രജിസ്റ്റർ പ്രകാരം ബി.പി.എൽ അംഗങ്ങളെ പ്രത്യേകം തിരിച്ചറിയത്തക്കവിധം തെരഞ്ഞെടുപ്പ് നടപടി രേഖ പൂർത്തീകരിക്കേണ്ടതും, ബി.പി.എൽ. അംഗങ്ങൾക്ക് നീക്കിവച്ച സ്ഥാനങ്ങളിൽ അവർ തന്നെ തെരഞ്ഞെടുക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേതുമാണ്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റിൽ അവർ ഓരോരുത്തരേയും, ബി.പി.എൽ/എ.പി.എൽ, എസ്.സി/എസ്.ടി. എന്നിവ തിരിച്ചറിയത്തക്കവിധം രേഖപ്പെടുത്തിയിരിക്കണം. ഇതിനായി സർക്കാർ അംഗീകരിച്ച ബി.പി.എൽ ലിസ്റ്റും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതാണ്. |
| 18.18 | സർക്കാരിന്റെ നിലവിലുള്ള ബിപിഎൽ രേഖ പ്രകാരമായിരിക്കും ബിപിഎൽ അംഗങ്ങളെ നിശ്ചയിക്കുന്നത്. ഇതിനായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങളും സ്വീകരിക്കാവുന്നതാണ്. | ഒഴിവാക്കുന്നു. |
| 19.5 | കുടുംബശ്രീ സി.ഡി.എസ്. ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞാൽ ഓരോ ഘട്ടത്തിന്റെയും തുടർച്ചയായി അടുത്ത ഘട്ടമെന്ന നിലയിൽ മുന്നോട്ട് പോകേണ്ടത് ചിട്ടയും ക്രമവുമായ തെരഞ്ഞെടുപ്പ് പ്രക്രിയക്ക് ആവശ്യമായതിനാലും 2015 ജനുവരി 26-നുള്ളിൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുള്ളതിനാലും, തെരഞ്ഞെടുപ്പ് പരാതി, അപ്പീൽ തുടങ്ങിയവയുടെ തീർപ്പുകൾക്കായി കാത്തിരിക്കേണ്ടതില്ല. അവസാന വിധിതീർപ്പുകൾക്കനുസൃതമായി, പൊതു തെരഞ്ഞെടുപ്പ് നടപടികളുടെ പൂർത്തീകരണത്തിനു | കുടുംബശ്രീ സി.ഡി.എസ്. ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞാൽ ഓരോ ഘട്ടത്തിന്റെയും തുടർച്ചയായി അടുത്ത ഘട്ടമെന്ന നിലയിൽ മുന്നോട്ട് പോകേണ്ടത് ചിട്ടയും ക്രമവുമായ തെരഞ്ഞെടുപ്പ് പ്രക്രിയക്ക് ആവശ്യമായതിനാലും തെരഞ്ഞെടുപ്പ് വർഷം ജനുവരി 25-നുള്ളിൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുള്ളതിനാലും, തെരഞ്ഞെടുപ്പ് പരാതി, അപ്പീൽ തുടങ്ങിയവയുടെ തീർപ്പുകൾക്കായി കാത്തിരിക്കേണ്ടതില്ല. അവസാന വിധി തീർപ്പുകൾക്കനുസൃതമായി, പൊതു തെരഞ്ഞെടുപ്പ് നടപടികളുടെ പൂർത്തീകരണത്തിനു ശേഷം, യുക്തമായ തുടർ നടപടികൾ |

| | | |
|---|---|---|
| | ശേഷം, യുക്തമായ തുടർ നടപടികൾ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. | ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
3. ധനകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
8. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
9. ഡയറക്ടർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
11. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ